# വിദ്യാസദൻ സെൻട്രൽ സ്ക്കൂൾ, മരിയനാട്.

വിദ്യാഭ്യാസം മനുഷ്യജീവിതത്തെ പ്രകാശിപ്പിക്കുന്ന ദൈവാനുഗ്രമാണ്. അത് വെറും അക്ഷരജ്ഞാനമല്ല; മനുഷ്യന്റെ ചിന്തകളെ വിശാലമാക്കുകയും ഹൃദയത്തെ സമ്പന്നമാക്കുകയും ചെയ്യുന്ന ഒരു അനന്തയാത്രയാണ്.

നിശ്ശബ്ദമായ മണ്ണിൻ നെഞ്ചിൽ മുളച്ച ഒരു ചെറുവിത്തുപോലെ ലളിതമായൊരു തുടക്കത്തിൽ നിന്നാണ് വിദ്യാസദൻ എന്ന വിദ്യാലയം ഉദിച്ചുയർന്നത്. പരിമിതമായ സൗകര്യങ്ങളും ലളിതമായ സാഹചര്യങ്ങളും മാത്രമായിരുന്നുവെങ്കിലും അതിനുള്ളിൽ മറഞ്ഞിരിന്നത് ഒരു വലിയ സ്വപ്നവും ഉറച്ച പ്രത്യാശയുമായിരുന്നു.

1991-ൽ മരിയനാട് ഇടവകയുടെ ചാർജ് ഉണ്ടായിരുന്ന ഫാ. വിൻസെന്റ് കെ.ജെ-യുടെ അനുവാദത്തോടെ സഹവികാരിയായി രുന്ന റവ.ഫാ. സിറിയക് പഞ്ഞിക്കാരൻ ട ഖ അച്ചന്റെ നേതൃത്വത്തിൽ പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാബോധിനി എന്ന പേരിൽ ഒരു ട്യൂഷൻ സെന്റർ തുടങ്ങി. (നൈറ്റ് സ്റ്റഡി പദ്ധതി FIDES-ന്റെ സഹായ ത്തോടെ.) ധാരാളം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഈ ട്യൂഷൻ സെന്റർ വലിയ സഹായകമായി. വിഭ്യാഭ്യാസ വളർച്ചയിലൂടെയെ സാമൂഹ്യ-സാംസ്കാരിക വളർച്ച ഉണ്ടാകൂ എന്ന തിരിച്ചറിവ് സ്ക്കൂൾ എന്ന ആശയത്തിലേക്ക് നയിച്ചു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം കുറഞ്ഞ ചെലവിൽ നടത്തുക എന്ന ലക്ഷ്യത്തോടെ 1992-ൽ പ്രൈമറി വിഭാഗം ക്ലാസുകൾ (1 മുതൽ 4 വരെ) ഫാ. വിൻസെന്റ് കെ ജെ-യുടെ നേതൃത്വത്തിൽ ആരംഭിച്ചു.

റവ. ഫാ. പങ്ക്രേഷ്യസ് (19982001) ഇടവക വികാരിയായി സേവനമുഷ്ഠിച്ചിരുന്ന അവസരത്തിൽ അപ്പർ പ്രൈമറി തലത്തിലേക്ക് (5 മുതൽ 7 വരെ ക്ലാസുകൾ) തുടങ്ങി. അതോടെ സ്ക്കൂളിന്റെ അക്കാദമിക് ഘടന കൂടുതൽ ശക്തിപ്പെട്ടു. 2007 മുതൽ 2012 വരെ അന്നത്തെ ഇടവക വികാരിയായിരുന്ന റവ. ഫാ. സൈറസ് കളത്തിൽ മരിയനാട്ടിൽ സി.ബി.എസ്.ഇ സ്കൂൾ സ്ഥാപിക്കാനുള്ള പദ്ധതികൾക്ക് രൂപം നല്കി. അതിനാവശ്യമായ നടപടികൾ ആരംഭിക്കുകയും സ്ഥാപനത്തിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. 2011-ൽ സ്ക്കൂളിന്റെ പ്രിൻസിപ്പാളായി വന്ന ശ്രീമതി. അനിത രാജിന്റെ നിസ്തുലമായ പ്രവർത്തനം സ്ക്കൂളിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടായി.

ഈ ശ്രമങ്ങളുടെ ഫലമായി 2013-ൽ റവ. ഫാ. തദേയൂസ് സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് , സ്കൂളിന് സി.ബി.എസ്.ഇ അഫിലിയേഷൻ ലഭിച്ചു. ഇതോടെ സ്ഥാപനത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചു. തുടർന്ന്, പഠനവും മൂല്യബോധവും ഉൾക്കൊള്ളുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിൽ സ്കൂൾ സ്ഥിരതയോടെ മുന്നേറിക്കൊണ്ടിരിക്കുന്നു.

സ്ഥാപനത്തിന്റെ വളർച്ചയിലെ മറ്റൊരു പ്രധാന നേട്ടമായി 2025-ൽ റവ. ഫാ. മെൽക്കൺ സേവനമനുഷ്ഠിച്ചിരുന്ന സമയത്ത്, ഹയർ സെക്കൻണ്ടറി വിഭാഗം (പ്ലസ് വൺ & പ്ലസ് ടു) ആരംഭിക്കാനുള്ള അനുമതി ലഭിച്ചു. ഇതോടെ വിദ്യാർത്ഥികൾക്ക് കൂടുതൽ ഉയർന്ന വിദ്യാഭ്യാസ സാധ്യതകൾ ലഭ്യമായി. സ്ഥാപനത്തിന്റെ പുരോഗതിക്ക് ട്രസ്റ്റിന്റെ നേതൃത്വവും നിർണായക പങ്കുവഹിച്ചു. വിദ്യാസദൻ എജ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥാപകനും മാനേജിംഗ് ട്രസ്റ്റിയുമായിരുന്ന മോസ്റ്റ്. റവ. ഡോ. സൂസപാക്യം, സ്കൂൾ ആരംഭിക്കുന്നതിനും വളർത്തുന്നതിനും പ്രധാന പ്രചോദനമായി പ്രവർത്തിച്ചു. നിലവിൽ റവ. ഡോ.തോമസ് ജെ നെറ്റോ മാനേജിംഗ് ട്രസ്റ്റിയായി പ്രവർത്തിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കാലത്തിന്റെ കരങ്ങളിലൂടെ വളർന്ന് , ഇന്ന് ഇത് അനേകം ജീവിതങ്ങൾക്ക് പ്രകാശം പകരുന്ന ഒരു വിജ്ഞാനവൃക്ഷമായി മാറിയിരിക്കുന്നു. ഈ യാത്ര, ഒരു സ്ഥാപനത്തിന്റെ ചരിത്രം മാത്രമല്ല വിദ്യാഭ്യാസത്തിന്റെ മഹത്വം പാടുന്ന ഒരു മനോഹരഗാഥയാണ്.